**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1752** — **09-12-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം ഉറമുഖം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ ഡി കെ മുരളി** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | 2011-16 കാലത്തെ സർക്കാർ കരാറിലേർപ്പെട്ട പ്രകാരം വിഴിഞ്ഞം ഉറമുഖ നിർമ്മാണ കമ്പനി വ്യവസ്ഥകൾക്ക് അനുസൃതമായി നിർമ്മാണം തുടരുമ്പോൾ പദ്ധതി അട്ടിമറിക്കാൻ ചിലർ ശ്രമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ശ്രമം സൃഷ്ടിക്കുന്ന ആശങ്ക പരിഹരിക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (എ) | അട്ടിമറി ശ്രമത്തിന് തെളിവുകളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ഉറമുഖം യാഥാർത്ഥ്യമായാൽ കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | വാണിജ്യ വ്യാപാരങ്ങൾക്ക് ഇന്ത്യയുടെ തുറമുഖങ്ങളാണ് പ്രധാന പങ്ക് വഹിക്കുന്നത്. ലോകത്തെ കടൽ മാർഗ്ഗമുള്ള ചരക്ക് നീക്കത്തിന്റെ 30% ത്തോളം നടക്കുന്നത് ഇന്ത്യയുടെ തെക്ക് ഭാഗത്തു കൂടി കടന്നു പോകുന്ന അന്താരാഷ്ട്ര കപ്പൽച്ചാൽ വഴിയാണ്. ഇവിടെ നിന്നും കേവലം 10 നോട്ടിക്കൽ മൈൽ മാത്രം അകലെയായുള്ള സ്ഥാനം നിർദ്ദിഷ്ട വിഴിഞ്ഞം തുറമുഖത്തിന്റെ പ്രാധാന്യം വളരെയേറെ വർദ്ധിപ്പിക്കുന്നു. ഒരു ആഴക്കടൽ ട്രാൻഷിപ്പ്മെന്റ് തുറമുഖം ഇല്ല എന്ന കുറവാണ് വിഴിഞ്ഞത്തിലൂടെ ഇന്ത്യ നികത്തുന്നത്.<br><br>പ്രത്യക്ഷമായും പരോക്ഷമായും ലഭിക്കുന്ന തൊഴിൽ അവസരങ്ങളാണ് കേരളത്തിന് ലഭിക്കുന്ന നേട്ടങ്ങളിലൊന്ന്. അതു കൂടാതെ, കേരളത്തിന്റെ സാമ്പത്തിക വ്യാവസായിക ടൂറിസം മേഖലകളിൽ വൻ കുതിച്ചു ചാട്ടത്തിന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വഴിയൊരുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബ് എന്ന നിലയിൽ തുറമുഖം പ്രവർത്തന സജ്ജമാകുന്നതോടുകൂടി സംസ്ഥാനത്തിന്റെയാകെ വികസനത്തിന് ഗതിവേഗം പകരുന്ന ഈ പദ്ധതി | (സി) | അട്ടിമറി ശ്രമത്തിന് തെളിവുകളൊന്നും ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | അട്ടിമറിക്കാൻ നടത്തുന്നതായി പറയപ്പെടുന്ന ശ്രമം തുറന്നു കാട്ടാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ